# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11-07-2024**

## പ്രധാനവാർത്തകൾ

1. കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞരുമായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കൂടിക്കാഴ്ച ഇന്ന്.

2. ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇൻറലിജൻസിൻറെ കേന്ദ്രമാക്കി കേരളത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റ വിഷയത്തിലെ ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ നിന്ന് പ്രതിപക്ഷം ഇറങ്ങിപ്പോയി ; പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിന് ഇന്ന് സമാപനം.

4. വികസന സ്വപ്പവുമായി വിഴിഞ്ഞം തുറമുഖത്ത് ആദ്യ ചരക്ക് കപ്പലെത്തി ; കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിന്റെ നേതൃത്വത്തിൽ നാളെ ഔദ്യോഗിക സ്വീകരണം .

5. യൂറോ കപ്പ് ഫൈനലിൽ ഇംഗ്ലണ്ട് - സ്പെയിൻ പോരാട്ടം ; കോപ്പ അമേരിക്ക ഫൈനലിൽ അർജന്റീന - കൊളംബിയ-യെ നേരിടും.

*****************************

PNU TVPM

## പ്രധാനമന്ത്രി തിരിച്ചെത്തി

റഷ്യ - ഓസ്ട്രിയ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ന്യൂഡൽഹിയിൽ മടങ്ങിയെത്തി. ഇരു രാജ്യങ്ങളിലുമായി മൂന്ന് ദിവസത്തെ സന്ദർശനമാണ് പ്രധാനമന്ത്രി നടത്തിയത്.

*******************************

## പ്രധാനമന്ത്രി - കൂടിക്കാഴ്ച

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആശയ വിനിമയം നടത്തും. നിതി അയോഗ് ഉപാധ്യക്ഷൻ സുമൻ ബെറി, മറ്റ് അംഗങ്ങൾ എന്നിവരും ചർച്ചയിൽ പങ്കെടുക്കും. ബജറ്റ് അവതരണത്തിന് മുമ്പ് സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായം ആരായുകയാണ് ലക്ഷ്യം. പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 22 ന് ആരംഭിക്കും. 23-◌ാ◌ം തീയതി ധനമന്ത്രി നിർമ്മലാ സീതാരാമൻ ബജറ്റ് അവതരിപ്പിക്കും. മൂന്നാം വട്ടം അധികാരത്തിലെത്തിയ ശേഷം, നരേന്ദ്രമോദി സർക്കാറിൻറെ ആദ്യ ബജറ്റാണിത്. ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ കഴിഞ്ഞ ഫെബ്രുവരിയിൽ ഇടക്കാല ബജറ്റ് അവതരിപ്പിച്ചിരുന്നു.

RNUTVPM

*******************************

## കോൺക്ലേവ് -മുഖ്യമന്ത്രി

ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൻറെ കേന്ദ്രമാക്കി കേരളത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ആഗോള ശ്രദ്ധ ലഭിക്കുന്നതിന് ഈ കോൺക്ലേവ് സഹായിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു . രാജ്യത്തെ ആദ്യ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് കോൺക്ലേവ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

( വോയ്സ്- CM)

എ ഐ മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിൽ നിന്നും മനുഷ്യജീവനുകൾ സംരക്ഷിക്കുന്നത് അടക്കമുള്ള വിഷയങ്ങളിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സഹായം വലിയ നേട്ടമാണ് ലോകത്തിന് നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. K S I D C , IBM മായി സഹകരിച്ചാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്.

RNU TVPM

*****************************

<u>കെ. രാജൻ - നിയമസഭ</u>

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട അഴിമതി പരാതികൾ, പരാതിക്കാരൻറെ പേര് വെളിപ്പെടുത്താതെ മന്ത്രിക്ക് നേരിട്ട് സമർപ്പിക്കാൻ സാധിക്കുന്ന മൊബൈൽ ആപ്പ് ആരംഭിക്കാൻ തീരുമാനിച്ചതായി മന്ത്രി കെ രാജൻ. ആപ്പ് വഴി ലഭിക്കുന്ന പരാതികൾ മന്ത്രിക്ക് നേരിട്ട് പരിശോധിച്ച് നടപടി എടുക്കാൻ സാധിക്കുമെന്നും അദ്ദേഹം നിയമസഭാ ചോദ്യോത്തര വേളയിൽ വ്യക്തമാക്കി.

*****************************

<u>ലൈഫ് മിഷൻ പദ്ധതി- മന്ത്രി കെ രാജൻ</u>

ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ പാവപ്പെട്ടവർക്ക് വീട് വയ്ക്കാൻ തുക വർധിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി കെ

രാജൻ.സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് അവകാശമുള്ളതുപോലെ പട്ടയഭൂമിയിലുള്ള മരങ്ങൾ മുറിക്കുന്നതിനും കർഷകർക്ക് അവകാശം നൽകുന്നതിനുള്ള ചട്ട ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് നിയമ വകുപ്പുമായി ആലോചിച്ചു തീരുമാനിക്കുമെന്നും നിയമസഭയിൽ ചോദ്യത്തിന് മന്ത്രി മറുപടി നൽകി.

*****************************

## നിയമസഭ - ആർ ബിന്ദു

നിയമസഭയിൽ ഇന്നും പ്രതിപക്ഷ ഇറങ്ങിപ്പോക്ക്. സഭാ നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. മികച്ച വിദ്യാഭ്യാസവും തൊഴിൽ സാധ്യതയും തേടി കേരളത്തിൽ നിന്നും വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർധിക്കുന്നുവെന്ന് നോർക്ക റൂട്ട്സിന്റെ സർവേയിൽ കണ്ടെത്തിയ സാഹചര്യം ചർച്ച ചെയ്യുന്നതിന് സഭാ നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്ക് എടുക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് മാത്യു കുഴൽ നാടൻ ആണ് നോട്ടീസ് നൽകിയത്. ഇന്നത്തെ തലമുറ ആഗ്രഹിക്കുന്ന അന്തരീക്ഷം സംസ്ഥാനത്തിന് നൽകാൻ സാധിക്കുന്നില്ലെന്ന് മാത്യു കുഴൽ നാടൻ ആരോപിച്ചു. ഇവിടെ നിന്ന് എങ്ങനെയെങ്കിലും വിദേശത്തേക്ക് പോകാം എന്ന് ചിന്തിക്കുന്ന തലമുറ വളർന്ന് വരുന്നത് ഭയാനകമാണെന്നും മാത്യു കുഴൽനാടൻ പറഞ്ഞു. വിദേശ സർവകലാശാലകൾ നേരത്തെ തന്നെ കേരളത്തിൽ വന്നിരുന്നു എങ്കിൽ വിദ്യാർത്ഥികളുടെ കുടിയേറ്റം ഒഴിവാക്കാമായിരുന്നു എന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. വിദ്യാർത്ഥികളുടെ കുടിയേറ്റം കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്നും വി ഡി സതീശൻ പറഞ്ഞു. വിദ്യാർത്ഥികൾ ഉന്നത വിദ്യാഭാസവും തൊഴിലും തേടി

PNU TVPM

വിദേശത്തേക്ക് പോകുന്നത് ആഗോള പ്രതിഭാസമാണെന്ന് മന്ത്രി ആർ.ബിന്ദു മറുപടിയായി പറഞ്ഞു.

(വോയ്സ് – മന്ത്രി ആർ ബിന്ദു)

2023 ൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ അറിയിച്ച കണക്ക് പ്രകാരം കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി കുടിയേറ്റം ഇന്ത്യയിലെ ആകെ കുടിയേറ്റത്തിന്റെ നാല് ശതമാനം മാത്രമാണ്. വിഷയം ചർച്ച ചെയ്യാൻ സഭാ നടപടികൾ നിർത്തി വയ്ക്കേണ്ടതില്ല എന്നും മന്ത്രി ആർ ബിന്ദു അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയായിരുന്നു

*****************************

RNU TVPM

## മുഹമ്മദ് റിയാസ്

സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. ഡെസ്റ്റിനേഷൻ ചലഞ്ച് ഇതിന്റെ ഭാഗമായാണ് നടപ്പാക്കുന്നതെന്ന് അദ്ദേഹം നിയമസഭയിൽ ചോദ്യത്തിന് മറുപടി നൽകി .

*****************************

## മന്ത്രി വി ശിവൻകുട്ടി

സ്റ്റാർസ് പദ്ധതി പ്രകാരം വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിയമസഭയെ അറിയിച്ചു. 210 നൈപുണ്യ വികസന കേന്ദ്രങ്ങൾ ഇതിനായി

തിരഞ്ഞെടുത്തിട്ടുണ്ട്. 14 എണ്ണം പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. 28 ബാച്ചുകളിലായി 12 കോഴ്സുകൾ നടത്തി വരുന്നതായും മന്ത്രി പറഞ്ഞു.

*****************************

## നിയമസഭാ സമാപനം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് സമാപിക്കും. സഭാ സമ്മേളനം കഴിഞ്ഞ മാസം 10 നാണ് ആരംഭിച്ചത്. 2023 ലെ കേരള പൊതു രേഖ ബില്ലിന്റെ അവതരണം ഇന്ന് നടക്കും. പുറമെ 2024 ലെ കേരള ധന വിനിയോഗ ബില്ലുകളുടെ അവതരണവും ഇന്നുണ്ടാവും.

*****************************

RNU TVPM

## സർബാനന്ദ സോനോവാൾ

ലൈറ്റ് ഹൌസ് ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നത് ലക്ഷ്യമിട്ട് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ചർച്ച പുരോഗമിക്കുന്നു. ഡയറക്ടറേറ്റ് ജനറൽ ഓഫ് ലൈറ്റ്ഹൗസ് ആൻഡ് ലൈറ്റ്ഷിപ്പിന്റെ ആഭിമുഖ്യത്തിൽ വിഴിഞ്ഞം ലൈറ്റ് ഹൗസിലാണ് ചർച്ച നടക്കുന്നത്.

*****************************

## വിഴിഞ്ഞം .. ഇൻട്രോ

കാത്തിരിപ്പുകൾക്ക് വിരാമമിട്ട് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യ ചരക്ക് കപ്പൽ എത്തി. സാൻ ഫെർണാണ്ടോ ആണ് വിഴിഞ്ഞത്ത് നങ്കൂരമിട്ടത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട്.....**

(വോയ്സ്)

*************************************

## യൂറോ കപ്പ്

യൂറോ കപ്പിന്റെ ഫൈനലിൽ ഇംഗ്ലണ്ട് - സ്പെയിൻ പോരാട്ടം. ഇന്ന് പുലർച്ചെ നടന്ന രണ്ടാം സെമിയിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് നെതർലാൻഡ്സിനെ പരാജയപ്പെടുത്തിയാണ് ഇംഗ്ലണ്ട് കലാശക്കളിക്ക് യോഗ്യത നേടിയത് . ആദ്യ സെമിയിൽ ഫ്രാൻസിനെ 2-1 ന് പരാജയപ്പെടുത്തിയാണ് സ്പെയിൻ ഫൈനലിൽ കടന്നത്. ഈ മാസം പതിനഞ്ചിനാണ് ഫൈനൽ മത്സരം .

RNU TVPM

*************************************

## കോപ്പ അമേരിക്ക

കോപ്പ അമേരിക്ക ഫുട്ബോളിന്റെ ഫൈനലിൽ അർജന്റീനയും കൊളംബിയയും ഏറ്റുമുട്ടും. രണ്ടാം സെമിയിൽ ഇന്ന് ഉറുഗ്വയെ ഏകപക്ഷീയമായ ഒരു ഗോളിന് കൊളംബിയ പരാജയപ്പെടുത്തി. ആദ്യ സെമിയിൽ കാനഡയെ എതിരില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെടുത്തിയാണ് അർജന്റീന ഫൈനലിന് യോഗ്യത നേടിയത്. ഈ മാസം പതിനഞ്ചിനാണ് ഫൈനൽ .

*************************************

## വിമ്പിൾഡൺ

വിമ്പിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് ആദ്യ സെമിയിൽ സ്പെയിനിന്റെ കാർലോസ് അൽക്കാരസും റഷ്യൻതരാം ഡാനിയേൽ മെഡ് വദേവും തമ്മിൽ ഏറ്റുമുട്ടും. രണ്ടാം സെമിയിൽ

സെർബിയയുടെ നൊവാക് ജോക്കോവിച് ഇറ്റാലിയൻ തരാം ലോറൻസോ മുസ്സെറ്റിയെ നേരിടും. രണ്ടു മത്സരങ്ങളും നാളെയാണ് .

*****************************

## ഹജ്ജ്

കണ്ണൂർ രാജ്യാന്തര വിമാന താവളം വഴി ഹജ്ജിന് പോയ 707 പേർ ഇന്നലെ തിരിച്ചെത്തി. സൗദി എയർലൈൻസിൻ്റെ രണ്ടു വിമാനങ്ങളിലായാണ് ഇവർ എത്തിയത് . ആകെ 3218 തീർത്ഥാടകരാണ് കണ്ണൂർ എമ്പാർക്കേഷൻ പോയിൻ്റ് വഴി ഹജ്ജിന് പോയത്. അടുത്ത വിമാനം 13ന് കണ്ണൂരിലെത്തും.

*****************************

RIJU TVPM

## ട്രെയിൻ ഗതാഗതം

കൊങ്കൺ പാതയിൽ തുരങ്കത്തിൽ ചോർച്ചയുണ്ടായതിനെ തുടർന്ന് തടസ്സപ്പെട്ട ട്രെയിൻ ഗതാഗതം പുനഃസ്ഥാപിച്ചു. ചളിയും മണ്ണും നീക്കിയ ശേഷമാണ് ഗതാഗതം പുനഃസ്ഥാപിച്ചത്.

*****************************

## നെഹ്റു ട്രോഫി പേര്

എഴുപതാമത് നെഹ്റു ട്രോഫി ജലോത്സവത്തിൻ്റെ ഭാഗ്യചിഹ്നത്തിന് പേര് നിർദ്ദേശിക്കാം. ഭാഗ്യചിഹ്നമായ കളിവള്ളം തുഴഞ്ഞു നീങ്ങുന്ന നീലപ്പൊന്മാനിനാണ് പേര് നിർദ്ദേശിക്കേണ്ടത്.

************************************************************************************